**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1670** **02-02-2024 - ൽ മറുപടിയ്ക്ക്**

**റബ്ബർ കർഷകർ മറ്റ് കൃഷിയിലേക്ക് തിരിയുന്ന സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | റബ്ബർ കർഷകർ റബ്ബർ വെട്ടിമാറ്റി മറ്റ് കൃഷിയിലേക്ക് തിരിയുന്നത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | റബ്ബറിന്റെ വില തകർച്ചയെ തുടർന്ന് നിരവധി തോട്ടങ്ങളിലെ റബ്ബർ വെട്ടിമാറ്റി മറ്റു വിളകൾ വച്ച് പിടിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . കർഷകർ റബ്ബർ വെട്ടിമാറ്റി മറ്റു വിളകൾ വച്ച് പിടിപ്പിക്കുന്ന പ്രവണത റബ്ബർ ബോർഡ് വളരെ ഗൗരവമായി വീക്ഷിച്ച് ആയത് സംബന്ധിച്ച സർവ്വേ നടത്തിവരുന്നു . |
| (ബി) | പ്രതിസന്ധി നേരിടുന്ന റബ്ബർ കർഷകർക്ക് ആശ്വാസമേകാൻ റബ്ബർ വില സ്ഥിരത ഫണ്ട് കിലോയ്ക്ക് 250 രൂപയാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനം നടപ്പിലാക്കുന്ന റബ്ബർ വിലസ്ഥിരതാ ഫണ്ട് 170/- രൂപയിൽ നിന്നും 250/-രൂപയായി ഉയർത്തുന്നതിന് കേന്ദ്ര സഹായം കൂടി ആവശ്യപ്പെട്ടുകൊണ്ട് പലതവണകളായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട് നാളിതുവരെയായി അനുകൂലമായ മറുപടിയൊന്നും ലഭിച്ചില്ല . |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റബ്ബർ വില സ്ഥിരത പദ്ധതി പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ നാമമാത്രമായ തുക മാത്രമാണ് കർഷകർക്ക് വിതരണം ചെയ്തതത് എന്ന ആരോപണം വസ്തുതാപരമാണോ; വ്യക്തമാക്കാമോ; | (സി) | റബ്ബറിന്റെ മാർക്കറ്റ് വില മുൻ വർഷങ്ങളിൽ ഉയർന്നു നിന്നത് കൊണ്ടാണ് വിലസ്ഥിരത പദ്ധതി ഇനത്തിൽ കർഷകർക്ക് വിതരണം ചെയ്ത തുക കുറയാൻ കാരണം. ഇപ്പോൾ മാർക്കറ്റ് വില കുറഞ്ഞു വരുന്ന സാഹചര്യത്തിൽ തുക കൂടുതൽ അനുവദിക്കേണ്ടി വന്നിട്ടുണ്ട്.<br><br>നടപ്പ സാമ്പത്തിക വർഷം റബ്ബർ ബോർഡ് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച ബില്ലുകളിന്മേലുള്ള സബ്സിഡി തുകയായ 161.52 കോടി രൂപ ഇതിനോടകം അനുവദിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഈ ഇനത്തിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | റബ്ബർ കർഷകർക്ക് പ്രോത്സാഹനം നൽകാൻ | (ഡി) | റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ |

| | | | |
|---|---|---|---|
| | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | | നിലവിൽ റബ്ബർബോർഡ് മുഖേനയാണ് നടപ്പിലാക്കി വരുന്നത്. ഇതാദ്യമായി 2024-25 വർഷം മുതൽ 2375 കോടി രൂപ അടങ്കലിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേരളാ കാലാവസ്ഥാ പ്രതിരോധ മൂല്യവർദ്ധിത ശൃംഖല നവീകരണ പദ്ധതി (കേര) യിലൂടെ റബ്ബർ കർഷകർക്ക് 300 കോടിയോളം രൂപയുടെ ധനസഹായം നൽകുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. റബ്ബർ റീപ്ലാന്റേഷനുള്ള സഹായം, റബ്ബർ നഴ്സറികൾക്കുള്ള സഹായം, റബ്ബർ കർഷകർക്കുള്ള പാർഷ്യൽ ക്രഡിറ്റ് ഗ്യാരണ്ടി സപ്പോർട്ട് സ്കീം തുടങ്ങിയവ 'കേര' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Rubber Production Incentive - Financial year wise expenditure | | | |
|---|---|---|---|
| Financial year | Subsidy amount disbursed (In crores) | Minimum Support Price | Market Price |
| 2021-22 | 20.97 | 170 | 171.01 |
| 2022-23 | 58.11 | 170 | 153.94 |
| 2023-24 | 161.52 | 170 | 156.00 |
| Total | 240.60 | | |
| | | | |

സെക്ഷൻ ഓഫീസർ